# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 858 — 08.01.2014-ൽ മറുപടിയ്ക്ക്

## വൻകിട ജലസേചന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ. നാണു<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ ജലസേചനപദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. |
| ബി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞ വൻകിട ജലസേചനപദ്ധതികൾപൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ബി) 1. മൂവാറ്റുപുഴ ജലസേചനപദ്ധതിയുടെ മിസ്സിംഗ് ലിങ്കുകൾ കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് 2015-ൽ പൂർണ്ണമായും ഈ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.<br>2. ഇടമലയാർ ജലസേചനപദ്ധതിയുടെ കനാലുകളുടെ ഇനിയും പൂർത്തിയാകാനുള്ള പ്രവർത്തികൾ ഓരോവർഷവും ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതം അനുസരിച്ച് ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ